ഏറ്റവും ആധുനിക രീതിയിലുള്ള, ഉയർന്ന കെട്ടിടങ്ങളിലെ തീയണക്കാൻ പര്യാപ്തമായ, രണ്ട് ഫയർ എഞ്ചിൻ ദുരന്തനിവാരണ സേനയിൽ നിന്ന് തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഇക്കാര്യം വളരെ ഗൗരവത്തോടെ കണ്ട് 171 കോടി രൂപയുടെ ഭരണാനുമതി വാങ്ങി ആധുനിക ഉപകരണങ്ങൾ വാങ്ങാനും അഗ്നിശമനസേനാ വിഭാഗത്തെ പൂർണ്ണമായും ആധുനികവൽക്കരിക്കാനുമുള്ള നടപടികൾ സ്വീകരിക്കും. കൊയിലാണ്ടി മെമ്പർ ഉന്നയിച്ച കാര്യം തീർച്ചയായും പരിഗണിക്കുന്നതാണ്.

14. അദ്ധ്യാപക തസ്തിക അനുവദിക്കേണ്ടതിന്റെ ആവശ്യകത

11.38 AM]

<u>ശ്രീമതി കെ.കെ. ലതിക</u> : സർ, എല്ലാ മണ്ഡലങ്ങളിലേയും എം.എൽ.എ-മാരെ ബാധിക്കുന്ന വിഷയമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. നമ്മുടെ സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. മാനേജ്മെന്റ് സ്കൂളിലെ അധിക അദ്ധ്യാപകരെ നിലനിർത്താൻ പാക്കേജ് രൂപീകരിക്കുന്ന അവസരത്തിൽത്തന്നെയാണ് സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരില്ലാതെ വിഷമിക്കുന്ന സ്ഥിതിവിശേഷവുമുള്ളത്. എന്റെ മണ്ഡലത്തിലെ കുറ്റ്യാടി ഹയർ സെക്കണ്ടറി സ്കൂളിൽ എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലായി 1711 കുട്ടികളുണ്ട്. 35 ഡിവിഷൻ ആവശ്യമുള്ള പ്രസ്തുത സ്കൂളിൽ 27 ഡിവിഷൻ മാത്രമേയുള്ളൂ. 15 അദ്ധ്യാപകർ പുതിയതായി വേണം. പൈങ്ങോട്ടായ് ഗവൺമെന്റ് യു.പി. സ്കൂളിൽ 310 കുട്ടികൾ പഠിക്കുന്നു. അവിടെ 9 ഡിവിഷനുണ്ട്. ഏഴ് അദ്ധ്യാപകരേയുള്ളൂ. വട്ടോളി ഗവൺമെന്റ് യു.പി. സ്കൂളിൽ 513 കുട്ടികളുണ്ട്. 12 ഡിവിഷനുകളുള്ള അവിടെ ആറ് അദ്ധ്യാപകരേയുള്ളൂ. തിരുവള്ളൂർ ഗവൺമെന്റ് യു.പി.സ്കൂളിൽ 510 കുട്ടികളുണ്ട്. അവിടെ പതിനഞ്ച് അദ്ധ്യാപകർ വേണ്ടിടത്ത് 13 അദ്ധ്യാപകർ മാത്രമേയുള്ളൂ. പി.എസ്.സി. വഴി സ്ഥിര നിയമനം നടത്തുന്നതുവരെ ഇവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയോ സ്വകാര്യ സ്കൂളിലെ അധിക അദ്ധ്യാപകരെ പുനർവിന്യസിച്ചോ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തി കുട്ടികൾക്ക് പഠിക്കാനുള്ള അവസരമുണ്ടാക്കണം. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് മറ്റൊരഭ്യർത്ഥനയുള്ളത്, 2012-ൽ കുറ്റ്യാടി ഗവൺമെന്റ് യു. പി. സ്കൂളിലെ കുട്ടികൾക്ക് തോരാമഴ എന്ന ടെലിഫിലിമിന് ഒരുലക്ഷം രൂപ അവാർഡ് കൊടുക്കാമെന്ന് അങ്ങ് പറഞ്ഞിട്ട് വർഷം രണ്ടായി, ഇതുവരെ ആ തുക കൊടുത്തിട്ടില്ല. ഉന്നയിച്ച വിഷയവുമായി ബന്ധപ്പെട്ടതല്ലെങ്കിലും ഇക്കാര്യം സംബന്ധിച്ചും മറുപടി പറയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

11.39 AM]

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാനത്തെ സ്കൂളുകളിൽ യു.ഐ.ഡി. അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തുന്നതിനായി യഥാക്രമം 29-11-2013-ലെ ജി.ഒ. (പി) നമ്പർ 313/13, 14-7-2014-ലെ ജി.ഒ. (പി) നമ്പർ 124/2014, 23-12-2014-ലെ ജി.ഒ. (പി) നമ്പർ 278/14 എന്നിവ പ്രകാരം തസ്തിക നിർണ്ണയ ഉത്തരവുകളും തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നുവെങ്കിലും മേൽപ്പറഞ്ഞ ഉത്തരവുകളെല്ലാം 15-1-2015-ലെ WP(c) No.30107/13-ാം നമ്പർ കേസിലെ വിധിന്യായത്തിലൂടെ ബഹു. ഹൈക്കോടതി റദ്ദുചെയ്യുകയുണ്ടായി. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ പരിഗണിച്ച് ഇടക്കാല സ്റ്റേ നിലനിൽക്കുന്നുവെങ്കിലും അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. കെ.ഇ.ആർ. പ്രകാരമല്ലാതെ ഒരുത്തരവും നടപ്പിലാക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. റദ്ദുചെയ്യപ്പെട്ട അദ്ധ്യാപക പാക്കേജ് വഴി ഇതിനോടകം നിയമനാംഗീകാരം ലഭിച്ചവർക്ക് സംരക്ഷണം നൽകണമെന്നതിനാലും പുതിയ അധ്യയനവർഷം ആരംഭിച്ച സാഹചര്യത്തിൽ തസ്തിക നിർണ്ണയം അനിവാര്യമായതിനാലും ഇക്കാര്യം വിവിധ അദ്ധ്യാപക സംഘടനകളുമായും മാനേജ്മെന്റുകളുമായും സർക്കാർ ചർച്ച ചെയ്യുകയുണ്ടായി. കൂടാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-7-2015-ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, ഗ്രാമവികസനവും ആസൂത്രണകാര്യവും വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിതല ഉപസമിതി ഈ വിഷയം വിശദമായി പരിശോധിക്കുകയും അതിന്റെ ഫലമായി ഈ അദ്ധ്യയന വർഷം മുതൽ യു.ഐ.ഡി-യുടെ വെളിച്ചത്തിൽ കെ.ഇ.ആർ. ചട്ടങ്ങൾക്കനുസൃതമായി 1:45 അനുപാതത്തിൽ തസ്തിക നിർണ്ണയം നടത്തി അദ്ധ്യാപക തസ്തികകൾ ഡിവിഷൻ വർദ്ധനവിന് ആനുപാതികമായി അനുവദിക്കുവാൻ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സർക്കാർ സ്കൂളുകളിലും കുട്ടികളുടെ വർദ്ധനവിനനുസരിച്ച് തസ്തികകൾ ലഭ്യമാകുന്നതാണ്. എയ്ഡഡ് മേഖലയിൽ ഇതിനോടകം 31-3-2011-ന് മുമ്പ് സ്ഥിരം തസ്തികയിൽ നിയമിക്കപ്പെട്ട എല്ലാ അദ്ധ്യാപകർക്കും സംരക്ഷണം നൽകിക്കൊണ്ട് ശമ്പളാനുകൂല്യം നൽകുന്നതിന് തീരുമാനമായിട്ടുണ്ട്; ഇതുസംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. എയ്ഡഡ് മേഖലയിലെ സംരക്ഷിതാദ്ധ്യാപകരെക്കൊണ്ട് അതാത് മാനേജ്മെന്റുകൾ ഒഴിവുകൾ നികത്തേണ്ടതാണ്. മാത്രമല്ല എയ്ഡഡ് മേഖലയിൽ 2011-12 മുതൽ നടത്തിയ സ്ഥിരം നിയമനങ്ങൾ 1:30, 1:35 അനുപാതത്തിൽ അംഗീകരിച്ച് സംരക്ഷണം നൽകുവാനും തീരുമാനമായിട്ടുണ്ട്. സ്വകാര്യ സ്കൂളുകളിലെ അധിക അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ അധിക

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകളിൽ താൽക്കാലികമായി നിലനിർത്താൻ തീരുമാനമെടുത്തിട്ടില്ല. പി.എസ്.സി. നിയമനം തടസ്സപ്പെടുമെന്നതിനാലും ഇതിനോടകം അഡ്വൈസ് ലഭിച്ച അദ്ധ്യാപകർ തന്നെ നിയമനമില്ലാതെ നിൽക്കുന്ന അവസ്ഥയുമുള്ള സാഹചര്യത്തിൽ സ്വകാര്യസ്കൂൾ അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ നിയമിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അവാർഡ് തുക സംബന്ധിച്ച് എഴുതിത്തന്നാൽ ഞാനത് പരിശോധിക്കാം.

<u>ശ്രീമതി കെ. കെ. ലതിക:</u> സർ, ഈ വർഷം തന്നെ തുക കൊടുക്കുമോ?

<u>ശ്രീ. പി. കെ. അബു റബ്:</u> സർ, പുതിയ പാക്കേജ് അനുസരിച്ചുള്ള തീരുമാനങ്ങൾ ക്യാബിനറ്റ് എടുത്തിട്ടുണ്ട്. അതിന്റെ ജി.ഒ. ഏതാനും ദിവസങ്ങൾക്കകം ഇറങ്ങിക്കഴിഞ്ഞാൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാം.

15. ശ്രീമന്ദിരം തകർത്ത സംഭവം

11.42 AM]

<u>ശ്രീ. വർക്കല കഹാർ:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ വർക്കല മുത്താനയിലെ ശ്രീനാരായണ ശ്രീമന്ദിരം 2014 സെപ്റ്റംബർ 21-ാം തീയതി സാമൂഹ്യവിരുദ്ധരാൽ ആക്രമിക്കപ്പെട്ടിരുന്നു. എല്ലാ സാമുദായിക വിഭാഗങ്ങളുമുള്ള ഒരു പ്രദേശമാണ് വർക്കല. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാപനം' എന്ന് എല്ലാ ശ്രീമന്ദിരങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ളതുപോലെ രേഖപ്പെടുത്തിയിട്ടുള്ള ഒരു ശ്രീമന്ദിരമാണത്. ഈ ശ്രീമന്ദിരം ആക്രമിച്ചതിന്റെ പേരിൽ നാട്ടുകാരും അവിടത്തെ ജനപ്രതിനിധിയെന്നുള്ള നിലയിൽ ഞാനും ആഭ്യന്തര വകുപ്പുമന്ത്രിയെ സന്ദർശിച്ച് പരാതി നൽകുകയും ആ പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം ഡി.ജി.പി.-ക്ക് കർശനമായ നിർദ്ദേശം നൽകുകയും ചെയ്തു. പക്ഷെ കാര്യമായ അന്വേഷണം അക്കാര്യത്തിലുണ്ടായില്ല. കാര്യമായ അന്വേഷണമുണ്ടാകാത്ത സാഹചര്യത്തിൽ ലോക്കൽ പോലീസിനെ മാറ്റിനിർത്തി മറ്റ് സംവിധാനങ്ങൾകൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയും അതനുസരിച്ച് ക്രൈംബ്രാഞ്ചിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എല്ലാ ജാതി-മതവിഭാഗങ്ങളുമുള്ള ഒരു പ്രദേശമായതിനാൽ എന്തെങ്കിലും സംഘർഷമുണ്ടായി വർഗ്ഗീയകലാപമായി മാറുന്ന സ്ഥിതിയിലാകുമോയെന്ന് ഭയക്കുകയാണ്. സംഭവമുണ്ടായി പത്തുമാസമായിട്ടും യാതൊരു നടപടിയുമുണ്ടായില്ലെന്നും പ്രതികളെ പിടിച്ചില്ലെന്നുമുള്ള രീതിയിൽ അവിടെയുള്ള ആളുകളും പരാതിക്കാരും ക്ഷുഭിതരാണ്. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായി കാണണം. കുറ്റവാളികളെ കണ്ടെത്തുന്നതിന് ഇപ്പോൾ നമ്മുടെ പോലീസ് വകുപ്പിന് ധാരാളം സംവിധാനങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly